I.ഇ.ബി.XIകേരള നിയമസഭ/IV9

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂൺ 27, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## പ്രസ്താവന

ദൃശ്യമാധ്യമ പ്രവർത്തകർ സമരം പിൻവലിച്ചതു സംബന്ധിച്ച്

മി. സ്പീക്കർ: ദൃശ്യമാധ്യമങ്ങൾ സഭയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് ചില മാർഗ്ഗനിർദ്ദേശങ്ങൾ ഇഷ്യു ചെയ്തതിനെതിരായി മാധ്യമപ്രവർത്തകരുടെ ഒരു സമരം നടന്നുവരികയായിരുന്നു. ഇന്നലെ അവരുടെ നേതാക്കൾ എന്നെ വന്നു കണ്ട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും സ്വീകരിച്ചുകൊണ്ട്, അവർക്കുവേണ്ട മറ്റു ചില നടപടികൾകൂടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആ സമരം അവർ പിൻവലിച്ചു. പക്ഷെ ദൃശ്യമാധ്യമങ്ങളും മലയാള മനോരമ പോലുള്ള ചില പത്രങ്ങളും മാർഗ്ഗനിർദ്ദേശങ്ങൾ പിൻവലിച്ചു എന്ന് സത്യവിരുദ്ധമായിട്ടാണ് പ്രസിദ്ധപ്പെടുത്തിയത്. അത് അവരുടെ ക്രെഡിബിലിറ്റിയെത്തന്നെ ചോദ്യം ചെയ്യുന്നതാണ്. അത് അവർ തിരുത്തുമെന്ന് വിശ്വസിക്കുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും പിൻവലിക്കാതെ തന്നെ സമരം

പിൻവലിച്ച സുഹൃത്തുക്കളെ ഞാൻ അഭിനന്ദിക്കുന്നു. അവർക്കുവേണ്ട എന്തു സഹായവും ചെയ്തുകൊടുക്കാൻ ഞാൻ തയ്യാറായിരിക്കും.

## അടിയന്തിരപ്രമേയം

<u>മയക്കുമരുന്ന് കള്ളക്കടത്ത്</u>

മയക്കുമരുന്ന് വിധ്വംസകപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അന്താരാഷ്ട്രലോബി കേരളത്തിൽ പ്രവർത്തനമാരംഭിക്കുകയും അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന ലോറികളിലും മറ്റുമായി മയക്കുമരുന്ന് കേരളത്തിൽ എത്തിച്ചുകൊണ്ടിരിക്കുകയും ചെയ്തുവരുന്നു പട്ടാമ്പിയിൽനിന്ന് 32 കോടിയോളം രൂപ വിലവരുന്ന ഹെറോയിൻ റവന്യൂ ഇന്റലിജൻസ് അധികൃതർ പിടികൂടുകയും ചെയ്തു. മയക്കുമരുന്ന് കള്ളക്കടത്തിലൂടെ ഒഴുകുന്ന പണം കേരളത്തിൽ തീവ്രവാദപ്രവർത്തനങ്ങൾക്കായി ചെലവഴിക്കപ്പെടുന്നു എന്ന വാർത്തകൂടി വന്നതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെയിടയിൽ ഉണ്ടായിരിക്കുന്ന ഭീതിജനകമായ സ്ഥിതി മാറ്റുന്നതിന് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. രാധാകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, സി.കെ നാണു, പി.സി. ജോർജ്ജ്,
എ.എ അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി</u> ): കേരളത്തിൽ മയക്കുമരുന്ന് കള്ളക്കടത്ത് തടയുന്നതിന് ഡിവൈ. എസ്.പിയുടെ മേൽനോട്ടത്തിൽ ജില്ലകൾ തോറും നാർക്കോട്ടിക് സെൽ പ്രവർത്തിച്ചുവരുന്നതുകൂടാതെ ക്രൈംബ്രാഞ്ചിന്റെ കീഴിൽ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ മയക്കുമരുന്ന് കടത്തലും മറ്റു വിധ്വംസകപ്രവർത്തനങ്ങളും ഇല്ലാതാക്കുന്നതിന് തിരുവനന്തപുരം ആസ്ഥാനമാക്കി എറണാകുളം, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് മയക്കുമരുന്ന് കള്ളക്കടത്ത് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്രവിപണിയിൽ 32 കോടിരൂപയോളം വിലവരുന്ന ബ്രൗൺഷുഗർ പട്ടാമ്പിയിൽ വച്ച് പിടികൂടി. തിരുവനന്തപുരം കോഴിക്കോട് വിമാനത്താവളങ്ങൾവഴി മയക്കുമരുന്ന് കടത്താൻ ശ്രമിച്ചതിന് 34 കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട് . പ്രധാന ടൂറിസ്റ്റ്കേന്ദ്രങ്ങളും റെയിൽവേസ്റ്റേഷനുകളും ബസ് സ്റ്റാന്റുകളും കേന്ദ്രീകരിച്ച് മയക്കുമരുന്നുവിപണനം നടത്തുന്ന കള്ളക്കടത്ത് ലോബിയുടെ പ്രവർത്തനങ്ങൾ തടയുന്നതിന് സംസ്ഥാന പോലീസിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ 20-ൽപരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രശ്നത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ . കെ. രാധാകൃഷ്ണൻ: ഗൗരവമേറിയ ഒരു പ്രശ്നത്തിന് മുഖ്യമന്ത്രി വളരെ ലളിതമായ രൂപത്തിലാണ് മറുപടി പറഞ്ഞത്. 32 കോടി രൂപയുടെ ഹെറോയിൻ റവന്യൂ ഇന്റലിജൻസ് അധികൃതർ പിടിച്ചിരിക്കുന്നു. രാജസ്ഥാൻ, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് മാർബിൾ കയറ്റിവരുന്ന ലോറികളിലൂടെ മയക്കുമരുന്ന് കേരളത്തിൽ വരുന്നു. ഇത്തരം കള്ളക്കടത്തിലൂടെ ലഭിക്കുന്ന പണം ഇവിടെ തീവ്രവാദം പ്രോൽസാഹിപ്പിക്കാനും സമാധാനം തകർക്കാനുമാണ് ഉപയോഗിക്കുന്നത്. നിയമസഭയിൽ ആഭ്യന്തര വകുപ്പിന്റെ ചർച്ചാവേളയിൽ നാർക്കോട്ടിക് സെൽ ആവശ്യമില്ല എന്നുവരെ പ്രസംഗം നടത്തിയ ദിവസമാണ് ഹെറോയിൻ പിടിക്കപ്പെട്ടത് എന്ന വസ്തുത ശ്രദ്ധേയമാണ്. അതിനാൽ സത്യസന്ധമായ ഒരന്വേഷണം ഇക്കാര്യത്തിൽ നടക്കാനിടയില്ല. മയക്കുമരുന്ന് കള്ളക്കടത്തലിനും വിധ്വംസകപ്രവർത്തനങ്ങൾക്കും കൂട്ട് നിൽക്കുന്ന ഈ ഗവൺമെന്റിന്റെ നടപടി പ്രതിഷേധാർഹമാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്ന ത്തിന് വളരെ ലളിതമായി മറുപടി പറഞ്ഞുവെന്ന് പറഞ്ഞത് ഖേദകരമാണ്. ഈ പ്രശ്നം വളരെ ഗൗരവമായിട്ടുതന്നെയാണ് ഗവൺമെൻറ് എടുത്തിരിക്കുന്നത്. 25.6.02 ന് പട്ടാമ്പിയിലെ സ്വകാര്യ കമ്പനിയിലേക്ക് മാർബിൾ കൊണ്ടുവന്ന ലോറിയിൽനിന്ന് 32 കിലോ ഗ്രാം തൂക്കം വരുന്ന ബ്രൗൺ ഷുഗർ കേന്ദ്ര റവന്യൂ ഇന്റലിജൻസ് വിഭാഗം പിടികൂടുകയും അന്യ സംസ്ഥാനക്കാരായ മൂന്നു പേരെ അറസ്റ്റ് ചെയ്യുകയും അവരെ 10.7.02 വരെ റിമാന്റിൽ വച്ചിരിക്കുകയുമാണ്.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

## ശ്രദ്ധക്ഷണിക്കൽ

(1) കൈത്തറിത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. സി. കെ. നാണു: കൈത്തറി മേഖലയിലെ സൊസൈറ്റികൾക്ക് ലക്ഷക്കണക്കിന് രൂപ റിബേറ്റ് ഇനത്തിൽ കൊടുക്കാനുള്ളതുകൊണ്ട് സൊസൈറ്റികളുടെ പ്രവർത്തനം സ്തംഭ നാവസ്ഥയിലാണ്. പല സൊസൈറ്റികൾക്കും പി. എഫ്-ഉം ഇ. എസ്. ഐ. യും അടയ്ക്കാൻ സാധിക്കുന്നില്ല. കോഴിക്കോട് ജില്ലയിൽ സൊസൈറ്റികൾക്ക് റിബേറ്റിനത്തിൽ അനുവദിച്ച തുക ലഭിക്കുന്നില്ല. ചായത്തിനും നൂലിനും ഉണ്ടായ ക്രമാതീതമായ വില വർദ്ധനവുകാരണം വൻകിട മില്ലുകളോട് കൈത്തറിക്ക് മൽസരിക്കാൻ കഴിയുന്നില്ല. ഹാന്റെക്സിനും ഹാന്റ്വീവിനും മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന റിബേറ്റ് പ്രാഥമിക സംഘങ്ങൾക്കുംകൂടി നൽകുന്നതിന് ഗവൺമെന്റ് സന്നദ്ധമാകണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കഴിഞ്ഞ വർഷം ബഡ്ജറ്റ് അലോക്കേഷന് പുറമേ 19 കോടി രൂപ കൈത്തറിക്ക് അനുവദിച്ചിട്ടുണ്ട്.. സൊസൈറ്റികൾക്ക് റിബേറ്റ് കൊടുക്കാൻ കഴിയുകയില്ല.. എന്നാൽ പ്രൈമറി സംഘങ്ങൾക്ക് മാർക്കറ്റിംഗ് ഇൻസെന്റീവ് കൊടുക്കാം. അതിന്റെ കുടിശ്ശികയുൾപ്പെടെ കൊടുത്തുതീർക്കാൻ ശ്രമിക്കാം. ഹാന്റ്ലൂമിന്റെ ക്വാളിറ്റി നന്നാക്കിയാൽ സാധനങ്ങൾ വിറ്റഴിക്കാൻ സാധിക്കുമെന്നതിനാൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രൈമറി സൊസൈറ്റികൾക്ക് ഓണക്കാലത്തെങ്കിലും റിബേറ്റ് കൊടുക്കുന്ന കാര്യം പരിശോധിക്കാം.

## (2) വിദ്യാഭ്യാസ നയം ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ സമ്പത്ത് മാനവ വിഭവശേഷിയാണ്. ഒരു കാലത്ത് വിദ്യാഭ്യാസ രംഗത്ത് നമുക്ക് ഉണ്ടായിരുന്ന മേന്മയും മേധാവിത്വവും ക്രമേണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് കാതലായ മാറ്റങ്ങൾ വരുത്താൻ ഇതുവരേയും കഴിഞ്ഞിട്ടില്ല. കേന്ദ്ര സർക്കാർ നിയോഗിച്ച വിവിധ കമ്മീഷനുകൾ ഈ രംഗത്ത് വരുത്തേണ്ട ചില മാറ്റങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയും ദേശീയ വിദ്യാഭ്യാസ നയം രൂപീകരിക്കുകയും ചെയ്തിട്ടും നമ്മുടെ സംസ്ഥാനത്ത് ഈ രംഗത്ത് ഒന്നും ചെയ്തില്ല. നമ്മുടെ വിദ്യാഭ്യാസ രംഗം കഴിഞ്ഞ കുറേക്കാലമായി കേവലം ഒരു പരീക്ഷണത്തിനുള്ള വേദിയായി മാറിയിരിക്കുന്നു. പ്രീ–പ്രൈമറി രംഗം ആകെ കുത്തഴിഞ്ഞിരിക്കുന്നു. സമഗ്രമായ ഒരു തുടർവിദ്യാഭ്യാസം നടപ്പിലാക്കാനോ സെക്കണ്ടറി വിദ്യാഭ്യാസ രംഗത്ത് കോഴ്സുകളുടെ ഡൈവേഴ്സിഫിക്കേഷൻ നടത്താനോ തൊഴിൽ സാദ്ധ്യതയുള്ള വൈവിദ്ധ്യമാർന്ന കോഴ്സുകൾ തുടങ്ങാനോ നമുക്ക് കഴിഞ്ഞിട്ടില്ല. തുടങ്ങിയ കോഴ്സുകൾക്ക് പി. എസ്. സി. അംഗീകാരം നേടാനോ ബധിരർക്കും മൂകർക്കും ആവശ്യമായ വിദ്യാഭ്യാസം നൽകാനോ ഗ്രാമീണ യൂണിവേഴ്സിറ്റികൾ ആരംഭിക്കാനോ കഴിഞ്ഞിട്ടില്ല. കാലഹരണപ്പെട്ട പരമ്പരാഗത കോഴ്സുകൾക്ക് പകരം കാലഘട്ടത്തിനനുസരിച്ചുള്ള പുതിയ കോഴ്സുകൾ ആരംഭിക്കണം. ഗവേഷണത്തിനും ശാസ്ത്ര–സാങ്കേതിക വൈദഗ്ദ്ധ്യത്തിനും ഊന്നൽ നൽകണം. പാഠ്യ പദ്ധതി, പാഠപുസ്തകങ്ങൾ, പരീക്ഷ നടത്തിപ്പ് ഇവയെപ്പറ്റിയൊക്കെ ചർച്ച ചെയ്യാൻ തയ്യാറാകണം. വിദ്യാഭ്യാസം തകരാറിലായാൽ അതിന്റെ അനന്തരഫലമനുഭവിക്കേണ്ടിവരുന്നത് ഭാവി തലമുറയാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായ മണ്ണിന്റെ മണമുള്ള, ദീർഘവീക്ഷണത്തോടുകൂടിയ, സമഗ്രമായ ഒരു വിദ്യാഭ്യാസ നയം എത്രയുംവേഗം ആവിഷ്ക്കരിക്കണം.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): വിദ്യാഭ്യാസ മേഖലയിലെ നാനാവിധമായ പ്രശ്നങ്ങൾ ഇന്നും ഇന്നലെയും ഉണ്ടായതല്ല. പ്രീ–പ്രൈമറി തലം മുതൽ ഉന്നത വിദ്യാഭ്യാസ രംഗം വരെ ചില മാറ്റങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്. ലോകത്തിന്റെ

മാറ്റത്തി നനുസരിച്ച് പുതിയ തലമുറയുടെ ഭാവി കണ്ടുകൊണ്ടുള്ള ഒരു നയം നമ്മുടെ സംസ്ഥാ നത്ത് രൂപീകരിക്കേണ്ടതാവശ്യമാണ്. അതിനുവേണ്ടി ചർച്ചകൾ തുടങ്ങുകയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമായി മുന്നോട്ടു പോവുകയുമാണ്. അടിസ്ഥാനപരമായ വിദ്യാഭ്യാസ നയമെന്നു പറയുന്നത് നാഷണൽ എഡ്യൂക്കേഷൻ പോളിസിയാണ്. അക്കാഡമിക് രംഗത്തും സാങ്കേതിക-വ്യാവസായിക-സാമ്പത്തിക രംഗത്തും വന്നിട്ടുള്ള മാറ്റങ്ങൾക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് പുതിയ നയം രൂപീകരിക്കാൻ സാധിച്ചിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് സർക്കാരിന്റെ നയ രൂപീകരണത്തിനാവശ്യമായ മാർഗ്ഗ നിർദ്ദേശം തരാൻ ഒരു വിദഗ്ദ്ധ സമിതി ആവശ്യമാണ്. അതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായി രുപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ച പരിഹരിക്കുന്നതിനും ഭാവിയിൽ വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് വിദ്യാഭ്യാസ സമൂഹത്തെ ക്രമപ്പെടുത്തിക്കൊണ്ടു വരുന്നതിനുംവേണ്ടി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവരുമായി ചർച്ച ചെയ്ത് ബന്ധപ്പെട്ട എല്ലാവരുടെയും അഭിപ്രായം ക്രോഡീകരിച്ചുകൊണ്ട് സമഗ്രമായ ഒരു വിദ്യാഭ്യാസനയം കൊണ്ടുവരുന്നതാണ്.

## സബ്മിഷൻ

1. <u>ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി</u>

<u>ശ്രീ.സി.ടി. അഹമ്മദ് അലി</u>: കാസർഗോഡ് ജില്ലയിലെ ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി നബാർഡിന്റെ സഹായത്തോടുകൂടി എത്രയും വേഗം ആരംഭി ക്കാനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. ടി.എം. ജേക്കബ്ബ്)</u>: വാട്ടർ അതോറിറ്റിയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 15-5-1995-ൽ 127 ലക്ഷം രൂപയ്ക്ക് എ.എസ് കൊടുത്ത ഈ പ്രോജക്ടിന്റെ 1999-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 258 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. പണത്തിന്റെ ബുദ്ധിമുട്ടാണ് പണി ഏറ്റെടുക്കാൻ തടസ്സമായി നില്ക്കുന്നത്. നബാർഡിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കഴിയുന്നതും വേഗം ഇതിന്റെ പണി ഏറ്റെടുക്കുന്നതാണ്.

2. <u>ചേലക്കര, മുള്ളൂർക്കര 33 കെ.വി. സബ്സറ്റേഷനുകളുടെ നിർമ്മാണം</u>

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> ചേലക്കര, മുള്ളൂർക്കര പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള 33 കെ.വി. സബ്സ്റ്റേഷനുകളുടെ പണി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): ചേലക്കരയും മുള്ളൂർക്കരയും രണ്ട് 33 കെ.വി. സബ് സ്റ്റേഷനുകൾ പണിയുവാൻ ഇലക്ട്രിസിറ്റി ബോർഡ് നടപടികൾ എടുത്തിട്ടുണ്ട്. അതനുസരിച്ച് സ്ഥലം വാങ്ങി 5.15 കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെന്റർ ചെയ്തു.

ബോർഡിന്റെ ഉത്തരവ് പ്രകാരം 5,2,68,497 രൂപയ്ക്ക് എ. ആർ.എം. ഹൈദ്രാബാദ് എന്ന കമ്പനിക്ക് കരാർ നല്കുന്നതിന് അനുമതിയും നല്കി. പക്ഷേ നാളിതുവരെ പണി ആരംഭിച്ചിട്ടില്ല. അതുകൊണ്ട് പ്രസ്തുത കമ്പനിയുടെ നഷ്ടോത്തരവാദത്തിൽ പണി ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനാണ് ബോർഡ് ആലോചിക്കുന്നത്.

### 3. മാധ്യമ രംഗത്ത് വിദേശനിക്ഷേപം അനുവദിക്കാനുള്ള കേന്ദ്ര തീരുമാനം പിൻവലിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ.കെ. .ബാബു: അച്ചടി മാധ്യമ രംഗത്ത് വിദേശ നിക്ഷേപം അനുവദിക്കുന്നതിനുള്ള തീരുമാനത്തിൽനിന്നും പിന്മാറണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): അച്ചടി മാധ്യമ രംഗത്തെ വിദേശ നിക്ഷേപം ജനാധിപത്യ വ്യവസ്ഥിതിക്കും ദേശീയ താല്പര്യങ്ങൾക്കും സാംസ്ക്കാരിക പൈതൃകത്തിനും ഭീഷണി ഉയർത്തുന്ന ഒരു നടപടിയാണ്. നമ്മുടെ സാംസ്ക്കാരിക മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ സുപ്രധാനമായ പങ്ക് വഹിക്കുന്ന അച്ചടി മാധ്യമരംഗത്ത് വിദേശനിക്ഷേപം അനുവദിക്കാനുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനം പുന: പരിശോധിക്കണമെന്നാണ് കേരള സർക്കാരിന്റെ അഭിപ്രായം.

### 4. ബേക്കൽ കോട്ടയുടെ പടിഞ്ഞാറുഭാഗത്തേയും പരിസരപ്രദേശങ്ങളിലേയും കടലാക്രമണം

ശ്രീ.കെ.വി. കുഞ്ഞിരാമൻ: ബേക്കൽ കോട്ടയുടെ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ആർക്കിയോളജി ഡിപ്പാർട്ടുമെന്റ് നടത്തിയ അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലമായി കോട്ടയുടെ ഒരുഭാഗം തകർന്നുവീഴുകയും കടലാക്രമണം മൂലം കടൽഭിത്തി നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. അത് പുനർ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): ബേക്കൽ കോട്ട കേന്ദ്ര പുരാവസ്തു വകുപ്പിന്റെ കീഴിലാണ് വരുന്നത്. കോട്ടയുടെ തകർന്ന മതിൽ അവർ തന്നെ നിർമ്മിച്ചതാണ്.

കേന്ദ്ര പുരാവസ്തുവകുപ്പിലെ ഉദ്യോഗസ്ഥന്മാർ അവിടെ സന്ദർശിച്ച് ഇടിഞ്ഞുവീണിരിക്കുന്ന കൊത്തളം പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കോട്ട പുനർ നിർമ്മിക്കുമ്പോൾ വെള്ളം പുറത്തേയ്ക്കു പോകുന്നതിനാവശ്യമായ നടപടികൾ കൂടി സ്വീകരിക്കുന്നതാണ്.

5. <u>ചെല്ലാനം പഞ്ചായത്തിലെ കടലാക്രമണം</u>

<u>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:</u> ചെല്ലാനം പഞ്ചായത്തിലെ കടലാക്രമണം തടയുന്നതിന് ശാസ്ത്രീയമായ രീതിയിൽ ശാശ്വത പരിഹാരം കാണണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. ടി. എം. ജേക്കബ്)</u>: ചെല്ലാനം പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും അനുഭവപ്പെടുന്ന കടൽക്ഷോഭം തടയുന്നതിനുള്ള താൽക്കാലിക നടപടികൾ സ്വീകരിക്കുന്നതിന് 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത സ്ഥലങ്ങളിൽ മൂന്നു കിലോമീറ്റർ സാമ്പിൾ ആയി കടൽ ഭിത്തി കെട്ടുന്നതിന് വിദേശ ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ട്.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

## ധനകാര്യം

<u>2002-2003 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

റവന്യൂവും നിയമവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി)</u>: താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ VI | - | ഭൂനികുതി (78,51,71,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XI | - | ജില്ലാഭരണവും പലവകയും (76,70,35,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XXI | - | ഭവനനിർമ്മാണം (62,83,34,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XXVI | - | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് (98,84,00,000 രൂപ) |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): 2002–2003 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റികളുടെ രണ്ടാമത് റിപ്പോർട്ടിലെ ധനാഭ്യർത്ഥന നമ്പർ XI, XXI എന്നിവയുടെ ശുപാർശകളിൻമേലുള്ള പ്രസ്താവന സമർപ്പിക്കുന്നു.

(സർവ്വശ്രീ. എ.കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, ടി. കെ. ബാലൻ, വി. കെ. ചന്ദ്രൻ, എം. വി. ജയരാജൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. മോഹനൻ, എം. കുമാരൻ, പി. നാരായണൻ, കെ. വി. കുഞ്ഞിരാമൻ, മത്തായി ചാക്കോ, വി. കെ. സി. മമ്മത്കോയ, പിരപ്പൻകോട് മുരളി, ടി.പി. രാമകൃഷ്ണൻ, കെ. രാധാകൃഷ്ണൻ, സാജുപോൾ, കെ.പി. സതീശ് ചന്ദ്രൻ, മഞ്ഞളാംകുഴി അലി, പി. ജയരാജൻ, വി. ചെന്താമരാക്ഷൻ, കെ. പി. രാജേന്ദ്രൻ, ടി. കെ. ദേവകുമാർ, ഡോ. എ. നീലലോഹിതദാസൻ നാടാർ, ഡോ. തോമസ് ഐസക്, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സാജുപോൾ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനഭരണം തന്നെ നിലച്ചിരിക്കുന്ന സാഹചര്യത്തിൽ ജില്ലാ ഭരണകൂടങ്ങളെ സംബന്ധിച്ചുള്ള ചർച്ച അപ്രസക്തമാണ്. ബഡ്ജറ്റ് സ്ക്രൂട്ടിനി സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി ശുപാർശകൾ ഒന്നും അംഗീകരിക്കുന്നില്ല. ധനസമാഹരണം ഊർജ്ജിതപ്പെടുത്തിയിട്ടും വികസന പ്രവർത്തനങ്ങൾക്ക് പണം ചെലവഴിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. വരൾച്ച, കുടിവെള്ളക്ഷാമം, പ്രകൃതിക്ഷോഭ ദുരന്തങ്ങൾ തുടങ്ങിയ അടിയന്തിരഘട്ടങ്ങൾ നേരിടുന്നതിൽ ജില്ലാ ഭരണകൂടങ്ങൾ കാര്യക്ഷമമല്ല. എറണാകുളം ജില്ലയിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് തീരുമാനം കൈക്കൊണ്ട് മാസങ്ങൾ കഴിഞ്ഞിട്ടും അത് പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. ഗവൺമെന്റിന്റെ കെടുകാര്യസ്ഥതമൂലം പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളെല്ലാം നിലച്ചിരിക്കുകയാണ്. ആറു ദിവസം കൊണ്ട് നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കുമെന്നു പറഞ്ഞ യു. ഡി. എഫ്. ഇപ്പോൾ വാഗ്ദാന ലംഘനങ്ങളുടെ പരമ്പരകൾ തന്നെ സൃഷ്ടിച്ചിരിക്കുന്നു. ഉദ്യോഗസ്ഥരെ അശാസ്ത്രീയമായി പുനർവിന്യസിക്കുകയും കൂട്ട സ്ഥലം മാറ്റങ്ങൾക്ക് വിധേയമാക്കുകയും ചെയ്തതുവഴി റവന്യൂ വകുപ്പ് കുത്തഴിഞ്ഞ പുസ്തകം പോലെയായിരിക്കുകയാണ്. താലൂക്കുകളുടെ പുനഃസംഘടന സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കണം.

പട്ടയഭൂമി ലഭിച്ചവർക്ക് കൈവശരേഖ അടിയന്തിരമായി. കൊടുക്കണം. പല ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളെല്ലാംകൂടി ഒരു സ്ഥലത്ത് കേന്ദ്രീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് കുന്നത്തുനാട് താലൂക്ക് ആസ്ഥാനത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ പണിയാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. റവന്യൂ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞു. കർഷകർക്ക് ആശ്വാസപ്രദമായ കാർഷിക കടാശ്വാസ നിയമം പാസ്സാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചത് ഏറെ ശ്രദ്ധേയമാണ്. ഈ നിയമവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ചട്ടങ്ങളിലെ അപാകത കളെക്കുറിച്ച് പരിശോധിക്കണം. നിയമപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി രണ്ടാഴ്ചത്തേയ്ക്കുകൂടി ദീർഘിപ്പിക്കണം. കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ബിൽ ഫലപ്രദമായി നടപ്പിലാക്കണം. പാട്ടത്തിന് കൊടുത്ത സർക്കാർ ഭൂമിയുടെ പാട്ടനിരക്ക് കാലാകാലങ്ങളിൽ വർദ്ധിപ്പിക്കണം. ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് റീസർവ്വേ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കണം. പാർപ്പിട രംഗത്ത് വലിയ മുന്നേററമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. വനം കയ്യേററം തടയുന്നതിന് ശക്തമായ നടപടി സ്വീകരിച്ച ഈ ഗവൺമെന്റ് അഭിനന്ദനമർഹിക്കുന്നു. വനസംരക്ഷണ കാര്യങ്ങളിൽ വിട്ടുവീഴ്ച ഉണ്ടാകരുത്. ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് തീരപ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ സൗജന്യ റേഷൻ കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. മത്സ്യത്തൊഴിലാളികളുടെ വഞ്ചി, വല എന്നിവ നഷ്ടപ്പെട്ടാലും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി അതിന് നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിക്കണം. ജില്ലാ തലസ്ഥാനങ്ങൾ താലൂക്കുകളുമായും താലൂക്കുകൾ വില്ലേജ് ഓഫീസുകളുമായും ബന്ധിപ്പിക്കുന്നതിനുള്ള കമ്പ്യൂട്ടർ സംവിധാനം അടിയന്തിരമായി നടപ്പിലാക്കണം. കേന്ദ്ര സർക്കാരിൽ നിന്നുള്ള ധനസഹായം ലഭ്യമാക്കി വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം പണിയാൻ സത്വര നടപടി സ്വീകരിക്കണം. റവന്യൂ വകുപ്പിലും ഭവന നിർമ്മാണ രംഗത്തും കഴിഞ്ഞ 13 മാസത്തിനിടയിൽ നിരവധി മാറ്റങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. പി. നാരായണൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റവന്യൂ വകുപ്പിന്റെ പുഃന സംഘടനയെത്തുടർന്ന് ആ രംഗത്ത് കഴിഞ്ഞ എൽ. ഡി. എഫ് ഗവൺമെന്റ് വരുത്തിയിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊള്ളാൻ യു. ഡി. എഫ് ഗവൺമെന്റ് തയ്യാറായില്ല. അധികാരങ്ങൾ താഴെ ത്തട്ടിലേയ്ക്ക് കൈമാറുക, തട്ടുകളുടെ എണ്ണം കുറയ്ക്കുക, നടപടിക്രമങ്ങൾ ലഘൂകരിക്കുക, ഭരണഭാഷ മലയാളമാക്കുക തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ ഈ ഗവൺമെന്റ് നടപ്പിലാ ക്കിയിട്ടില്ല. ജാതി, വരുമാനം, നേറ്റിവിറ്റി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾക്ക് രണ്ടോ മൂന്നോ വർഷത്തെ നിയമ പ്രാബല്യം നൽകണമെന്ന ഭരണ പരിഷ്ക്കാരകമ്മിറ്റിയുടെ നിലവിലുള്ള ശുപാർശ നടപ്പിലാക്കിയാൽ ജനങ്ങൾക്ക് അതിനുവേണ്ടി വില്ലേജ് ഓഫീസുകൾ കയറിയിറങ്ങി അധികം ബുദ്ധിമുട്ടേണ്ടി വരില്ല. ഒരു വകുപ്പിലും നിയമന നിരോധനം ഏർപ്പെടു ത്തിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞത്. എന്നാൽ റവന്യൂ വകുപ്പിലെ എൽ. ഡി. സി. നിയമനങ്ങൾ തടഞ്ഞുകൊണ്ട് 14-5-2002-ൽ സർക്കാർ

വകുപ്പ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വർക്കിംഗ് അറേഞ്ചുമെന്റിൽ നിയമനങ്ങൾ നടത്തുന്നതും, പാർട്ടി പ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാർ ഉദ്യോഗസ്ഥന്മാരെക്കൊണ്ട് പണം പിരിപ്പിക്കുന്നതും, പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ സ്ഥിരം തസ്തികയിൽ ദിവസക്കൂലിക്കാരെ നിയമിക്കുന്നതും ഗവൺമെന്റ് അവസാനിപ്പിക്കണം. മതിയായ ജീവനക്കാരില്ലാത്തതിനാൽ റവന്യൂ റിക്കവറി ഇനത്തിൽ കോടിക്കണക്കിന് രൂപ പിരിച്ചെടുക്കാൻ കഴിയുന്നില്ല. ആയതിനാൽ റവന്യൂ വകുപ്പിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടിയുണ്ടാകണം. റീസർവ്വേ നടപടികൾ ത്വരിതപ്പെടുത്തണം. റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും യഥാസമയം റിപ്പോർട്ട് നൽകാത്തതുമൂലം വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക ലാപ്സാകുന്ന സ്ഥിതിവിശേഷം ഒഴിവാക്കണം. നിലവിലുള്ള സ്റ്റേ ഒഴിവാക്കി നിയമപ്രകാരവും പരിസ്ഥിതിക്ക് ദോഷമില്ലാത്ത വിധത്തിലും വൈക്കം നിയോജക മണ്ഡലത്തിൽ മണൽ വാരലിന് അനുമതി നൽകണം. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടത്തിന്റെ കണക്ക് യഥാസമയം കേന്ദ്ര ഗവൺമെന്റിനെ ധരിപ്പിക്കാനും സാമ്പത്തിക സഹായം നേടിയെടുക്കാനും പരിശ്രമിക്കണം. കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് വീടും കൃഷിയും നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായി നഷ്ടപരിഹാരം നൽകണം. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൻകീഴിൽ ത്രിതല പഞ്ചായത്തുകൾ മുഖേന ട്രഷറിയിൽ പണം അടച്ച ഗുണഭോക്താക്കൾക്ക് ക്ളീയറൻസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ജനങ്ങളുടെ നിത്യജീവിതവുമായി അഭേദ്യബന്ധമുള്ള റവന്യു വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ജനോപകാരപ്രദവുമാക്കാനുള്ള ഗവൺമെന്റിന്റെ ദൃഢനിശ്ചയം ശ്ലാഘനീയമാണ്. ഇ – ഗവേണൻസ് ഉൾപ്പെടെ അത്യാധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി കുറഞ്ഞ സമയപരിധിക്കുള്ളിൽ ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും ഇടപാടുകളിൽ സുതാര്യത പ്രദാനം ചെയ്യുന്നതിനുമുള്ള ഗവൺമെന്റിന്റെ ശ്രമങ്ങൾ ശ്രദ്ധേയമാണ്. ഈ ശ്രമങ്ങൾ പരിസമാപ്തിയിൽ എത്തുമ്പോൾ ഭൂമി സംബന്ധമായ ഇടപാടുകൾക്കും സർട്ടിഫിക്കറ്റുകളുടെ ലഭ്യതയ്ക്കുംവേണ്ടി കാത്തുകിടക്കുന്ന അവസ്ഥ ഒഴിവാക്കാനും ഒരുപരിധിവരെ അഴിമതി ഇല്ലാതാക്കാനും കഴിയും. വിവര വിനിമയത്തിലെ കാലതാമസം ഒഴിവാക്കാൻ ഇ–മെയിൽ സംവിധാനം ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. വില്ലേജ് ഓഫീസ്സുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കണം. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയതുമൂലം സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. റവന്യു കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയമിക്കണം. മലയോര കർഷകർക്കും ഭൂരഹിത പുറമ്പോക്കു നിവാസികൾക്കും കൈവശഭൂമിക്ക് പട്ടയം വിതരണം ചെയ്തതിലൂടെ കൈവരിച്ച നേട്ടം അഭിനന്ദനാർഹമാണ്. ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് മിച്ചഭൂമി വിതരണം ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞു. അതുപോലെതന്നെ ഒരേക്കർ മുതൽ അഞ്ചേക്കർ വരെ ഭൂമി നൽകി ആദിവാസികളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി ശ്രദ്ധിക്ക

പ്പെടുന്ന ഒന്നാണ്. ഈ ഗവൺമെന്റ് പാസ്സാക്കിയ കേരള കാർഷിക കടാശ്വാസ നിയമം കർഷക സമൂഹത്തിന് കോടിക്കണക്കിന് രൂപയുടെ ആശ്വാസം നൽകിയിരിക്കുന്നു. നദികളിൽനിന്നും മറ്റും മണൽവാരുന്നതു സംബന്ധിച്ച കഴിഞ്ഞ സർക്കാരിന്റെ ഉത്തരവ് തൊഴിലാളികൾക്കും നിർമ്മാണ രംഗത്തും സൃഷ്ടിച്ച ബുദ്ധിമുട്ടുകൾ പരിഹരിക്കൻ പുതിയ നിയമത്തിലൂടെ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. മാത്രമല്ല, പുതിയ നിയമംമൂലം സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിനും ലഭിക്കുന്ന പണം റിവർ മാനേജ്മെന്റ് ഫണ്ട് രൂപീകരണത്തിലൂടെ മലയോര സംരക്ഷണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനും കഴിയുന്നു. കഴിഞ്ഞ സർക്കാർ കെടുകാര്യസ്ഥതയും ധൂർത്തും കാരണം ഭവന നിർമ്മാണബോർഡിന്റെ അടിത്തറ തകർത്തു. പുതിയ സ്കീമുകൾ നടപ്പിലാക്കാതെ ദുർബലജനവിഭാഗങ്ങളുടെ വീട് നിർമ്മാണം അവതാളത്തിലാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും നൽകിയ വിഹിതം പോലും വകമാറ്റി ചെലവഴിച്ചു . ഹഡ്കോ നൽകിയ വായ്പയുടെ തിരിച്ചടവ് നിലച്ചതിനാൽ നിറുത്തിവച്ചിരുന്ന ഭവന നിർമ്മാണ വായ്പാവിതരണം പുനരാരംഭിക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട് . ദുരിതാശ്വാസനിധിക്ക് പ്രത്യേക അക്കൗണ്ട് തുറക്കണമെന്ന കേന്ദ്ര നിർദ്ദേശം ഈ ഗവൺമെന്റ് പാലിക്കുകയും ഈ വർഷത്തെ കേന്ദ്രസഹായം നേടിയെടുക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയ്ക്ക് പ്രകൃതിക്ഷോഭദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക അനുവദിക്കണം. റീ – സർവ്വേ നടപടികൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് വേഗം പൂർത്തിയാക്കാനും. പരാതികളിന്മേൽ സമയബന്ധിതമായി തീർപ്പു കൽപ്പിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. തോമസ് ചാഴികാടൻ</u>: ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ജനജീവിതവുമായി വളരെയേറെ ബന്ധപ്പെട്ട വകുപ്പാണ് റവന്യൂ വകുപ്പ് . കഴിഞ്ഞ പതിമൂന്നുമാസംകൊണ്ട് റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമായും അഴിമതി രഹിതമായും മുന്നോട്ടു കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ആധുനിക മാനേജ്മെന്റിന്റെ ഭാഗമെന്ന നിലയിൽ ഇ–ഗവേണൻസ് നടപ്പാക്കുന്നതിന് പുരോഗമനപരമായ നടപടികൾ സർക്കാർ സ്വീകരിച്ചുകഴിഞ്ഞതിന്റെ ഫലമായി താലൂക്കാഫീസുകളിൽ കെട്ടിക്കിടന്ന 121 ലക്ഷം ഫയലുകളിൽ 101 ലക്ഷം ഫയലുകൾ സംബന്ധിച്ച റിക്കാർഡുകളുടെ ഡാറ്റാ എൻട്രി പൂർത്തിയായിട്ടുണ്ട്. 2001–ൽ ഇടുക്കിയിലും തിരുവനന്തപുരത്തും പ്രകൃതിക്ഷോഭമുണ്ടായപ്പോൾ തക്കസമയത്ത് ദുരിതാശ്വാസ നടപടികൾ എത്തിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാർ കേന്ദ്ര വിഹിതമായ 47 കോടിയോളം രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഇനത്തിൽ ലാപ്സാക്കി. എന്നാൽ ഈ സർക്കാർ ഈ വർഷം ലഭിക്കാനുള്ളതിൽ 28 കോടി രൂപ മുൻകൂറായി നേടിയിട്ടുണ്ട്. ഭവന നിർമ്മാണ വായ്പകൾ കൃത്യസമയത്ത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലയോര കർഷകർക്കും പുറമ്പോക്ക് നിവാസികൾക്കും കൃത്യസമയത്ത് പട്ടയ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചു. മലബാറിലെ വടക്കേക്കളം പ്രദേശത്തെ മിച്ചഭൂമിയിൽ വർഷങ്ങളായി കൃഷി ചെയ്ത് ജീവിക്കുന്ന കൃഷിക്കാരെ സംരക്ഷിക്കാൻ

ആവശ്യമായ നിയമനിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തണം. മതികെട്ടാനിലെ വനം കൈയേറി പത്തു പന്ത്രണ്ട് കിലോമീറ്റർ നീളത്തിൽ റോഡു വെട്ടാൻ കൂട്ടുനിന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കണം.

ശ്രീ. കെ. കെ. ഷാജു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക കടാശ്വാസ നിയമവും മണൽവാരൽ രംഗത്ത് നിലനിന്നിരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന തരത്തിൽ ഒരു നിയമവും ഈ സഭയിൽ കൊണ്ടുവന്ന് പാസ്സാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. റവന്യൂ റിക്കവറിയുടെ കാര്യത്തിലും ആദിവാസികൾക്ക് പട്ടയം നൽകുന്ന കാര്യത്തിലും പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. വില്ലേജാഫീസുകളിലടക്കം സാർവ്വത്രികമായി നിലനിൽക്കുന്ന അഴിമതി അവസാനിപ്പിക്കാനും ജോലിഭാരം ലഘൂകരിക്കാൻ കംപ്യൂട്ടറൈസേഷൻ നടപടി പൂർത്തീകരിക്കാനും കഴിയണം. വിസ്തൃതമേറിയ വില്ലേജുകൾ പുന:സംഘടിപ്പിക്കാനും തുംപമൺ പഞ്ചായത്തിൽ ഒരു വില്ലേജാഫീസ് സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. കേരളത്തിന് ദുരിതാശ്വാസനിധി.യിൽ നിന്നും പണം അനുവദിക്കുന്ന കാര്യത്തിൽ കടുത്ത അവഗണനയാണ് കേന്ദ്രം കാണിച്ചി ട്ടുള്ളത്. കേന്ദ്രവിഹിതം വാങ്ങിയെടുക്കുന്ന കാര്യത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ തയ്യാറാകണം. പ്രകൃതിക്ഷോഭംമൂലം വീട് നശിച്ചവർക്ക് നൽകുന്ന സഹായധനം വർദ്ധിപ്പിക്കണം. മൈത്രീഭവനനിർമ്മാണ പദ്ധതിയിലൂടെ ഒരുലക്ഷത്തിനാൽപ്പതിനായിര ത്തോളം വരുന്ന ആളുകൾക്ക് ആശ്വാസമെത്തിക്കാൻ ഭവനനിർമ്മാണ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ വികസനരംഗത്ത് വലിയ മാറ്റങ്ങൾക്ക് നിദാനമായിട്ടുള്ള തീരുമാനങ്ങളെടുത്ത് പ്രഖ്യാപിച്ചുകൊണ്ട് മുൻപോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്.

ശ്രീ. എം. എ. വാഹീദ്: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. റവന്യൂവകുപ്പുമന്ത്രി റവന്യൂഭരണരംഗത്ത് പരിണതപ്രജ്ഞനാണെങ്കിലും തിരുവനന്തപുരത്തിന്റെ കാര്യത്തിൽ പരിമിതനാണ്. തിരുവനന്തപുരം ജില്ലയ്ക്ക് ജില്ലാ ആസ്ഥാനം അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാകണം. തിരുവനന്തപുരം കളക്ടറേറ്റ്, ജില്ലാ കോടതി, തഹസീൽദാരുടെ ഓഫീസ് എന്നിവയുടെയൊക്കെ സ്ഥിതി ദയനീയമാണ്. വെള്ളോടി കമ്മിഷൻ റിപ്പോർട്ടിൽ ശുപാർശചെയ്തിരുന്നത് തിരുവനന്തപുരം താലൂക്ക് വിഭജിച്ച് രണ്ട് താലൂക്കായി മാറ്റാനും അതിലൊന്ന് കഴക്കൂട്ടം താലൂക്കായി രൂപീകരിക്കുന്നതിനുമാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മുൻകൈയെടുക്കണം. അതിനാവശ്യമായ അടിസ്ഥാന സൗകര്യം അവിടെയുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന തണൽ പദ്ധതിവഴി പാവപ്പെട്ടവരെ ദ്രോഹിക്കുകയാണ് ചെയ്തത്. അവർക്ക് ഒരു കൂരയെങ്കിലും ഉണ്ടാക്കിക്കൊടുക്കുവാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കണം. പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി പ്രകൃതിക്ഷോഭംമൂലം നശിച്ചു കിടക്കുന്ന ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ മുൻകൈയെടുക്കണം.

<u>ശ്രീ. കെ. മോഹൻകുമാർ:</u> ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. കേരളത്തിലെ ജനസംഖ്യയുടെ 10% അധിവസിക്കുന്ന തിരുവനന്തപുരം ജില്ലയിൽ ആകെ നാലു താലൂക്കുകളാണുള്ളത്. തിരുവനന്തപുരം താലൂക്കിനെ സൗത്തു താലൂക്കും നോർത്തു താലൂക്കുമാക്കി വിഭജിക്കണം. തിരുവനന്തപുരം ജില്ലയുടെ വികസന പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്. റവന്യൂ വകുപ്പിന്റെ കീഴിലുള്ള ആഫീസുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ച് അവ വികസനോൻമുഖങ്ങളായി മാറ്റണം. ഇ-ഗവേണൻസിന്റേയും കമ്പ്യൂട്ടറിന്റേയും സഹായത്തോടുകൂടി അറിവിന്റെ ആലയങ്ങളാക്കി മാറ്റാൻ റവന്യൂ-വില്ലേജ്-താലൂക്കാഫീസുകളേയും കളക്ടറേറ്റുകളേയും പരിവർത്തന പ്പെടുത്താൻ കഴിയണം. പലപ്പോഴും കളക്ടറേറ്റുകൾക്ക് വികസന പ്രവർത്തനങ്ങളിൽ വിജയം കൈവരിക്കാൻ സാധിക്കുന്നില്ല. അതുപോലെ ജില്ലാഭരണത്തിന്റെ കപ്പാസിറ്റി നമുക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. മാറ്റത്തിന്റെ അലയൊലി അംഗീകരിക്കാൻ കഴിയുന്നില്ല. ഈ ഗവൺമെന്റ് അധികാരം ഏറ്റപ്പോൾ ആദ്യമായി സൂചിപ്പിച്ച 'നവീകരിക്കുക അല്ലെങ്കിൽ നശിക്കുക' എന്ന മുദ്രാവാക്യം കളക്ടറേറ്റിൽ നിന്നാണ് മുഴക്കേണ്ടത്. ജില്ലാ ഭരണ ആഫീസുകളിൽ ജോലിഭാരം വർദ്ധിച്ചിരിക്കുന്നു. തഹസീൽദാർമാർക്ക് കൂടുതൽ അധികാരങ്ങൾ വികേന്ദ്രീകരിച്ച് നൽകി ജില്ലാ കളക്ടർമാർക്കുള്ള ചുമതലകൾ ലഘൂകരി ക്കുന്നതിനും തഹസിൽദാർമാരെ ഡെപ്യൂട്ടി കളക്ടർ പദവിയിലേയ്ക്ക് ഉയർത്തുന്നതിനും തയ്യാറാകണം. വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ലാപ്സാകാതെ ശ്രദ്ധിക്കണം. വിദഗ്ദ്ധരായ പ്രതിഭകളെ ഉൾപ്പെടുത്തി കളക്ടറേറ്റുകൾ പുന:സംഘടിപ്പിക്കണം. വില്ലേജ് ആഫീസിന്റേയും താലൂക്ക് ആഫീസിന്റേയും പദവികൾ ഉയർത്തുകയും അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള സീനിയർ ഉദ്യോഗസ്ഥൻമാരെ ജില്ലാ ആസ്ഥാനങ്ങളിൽ കളക്ടർമാരായി നിയമിക്കുകയും വേണം. ആർ.ഡി.ഒ. മാരെ ഇടയ്ക്കിടയ്ക്ക് സ്ഥലം മാറ്റുന്ന രീതി ശരിയല്ല. രണ്ടോ മൂന്നോ താലൂക്കുകൾക്കായി ഓരോ റീജിയണൽ ഡവലപ്മെന്റ് കമ്മീഷണർമാരെ നിയമിക്കണം. നാടിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുതകുംവിധം റവന്യൂ ആഫീസുകളെ മാറ്റിത്തീർക്കാൻ തയ്യാറാകണം. കവടിയാറിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സിവിൽ സ്റ്റേഷന്റെ പണി അടിയന്തിരമായി ആരംഭിക്കണം. കടകംപള്ളി വില്ലേജ് ആഫീസിനും ചെറുവയ്ക്കൽ വില്ലേജ് ആഫീസിനും പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ തയ്യാറാകണം. തിരുവനന്തപുരം നഗരത്തെ വെള്ളപ്പൊക്കത്തിൽനിന്ന് രക്ഷിക്കാൻ കഴിയുന്ന ആക്കുളം കായലിൽനിന്നും മണൽ വാരുന്നത് നിരോധിക്കേണ്ട കാര്യമില്ല; അത് തുടരാൻ അനുവദിക്കണം. റവന്യൂ ആഫീസുകളെ സാമൂഹിക പരിവർത്തനം സൃഷ്ടിക്കുന്നതിനുള്ള പ്രഭവ കേന്ദ്രങ്ങളാക്കി മാറ്റണം.

<u>ശ്രീമതി മാലേത്ത് സരളാദേവി:</u> ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. വളരെ വിപുലമായ, നൈപുണ്യമാർന്ന ധർമ്മങ്ങളാണ് റവന്യൂ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. പുറംപോക്കുകളിൽ താമസിക്കുന്ന ആളുകൾക്ക് റവന്യൂ വകുപ്പുവഴി പട്ടയം വിതരണം ചെയ്യുന്നതിനുള്ള തീവ്രയത്ന പരിപാടി നടക്കുന്നുണ്ട്. ഭൂരഹിതരായ കർഷക ത്തൊഴിലാളികൾക്ക് 235 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തു. ഇടുക്കി ജില്ലയിൽ മറയൂരിൽ

ആദിവാസികൾക്ക് ഭൂമി വിതരണ സംരംഭം സംഘടിപ്പിച്ചു. ഈ ഗവൺമെന്റ് കേരള കാർഷിക കടാശ്വാസ (ഭേദഗതി) നിയമം പാസ്സാക്കി. റീസർവ്വേ പ്രവർത്തനങ്ങളിൽ ഗ്ളോബൽ സിസ്റ്റത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സർവ്വേ അദാലത്തുകൾ മുഖേന വളരെയധികം പരാതികൾക്ക് തീർപ്പു കല്പിക്കാൻ കഴിഞ്ഞു. സർവ്വേ ജീവനക്കാർക്ക് സോഫ്റ്റ്വെയറിൽ പരിശീലനം നൽകി ഒരു പുതിയ ആവിഷ്ക്കരണശൈലി ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അളവുതൂക്ക വകുപ്പിലും കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 14 കളക്ടറേറ്റുകളും 63 താലൂക്കാഫീസുകളും കമ്പ്യൂട്ടറൈസ് ചെയ്തു. കർഷകത്തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടാതിരിക്കാൻ നിയമനിർമ്മാണം നടത്തുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുകയാണ്. ഭവന നിർമ്മാണ ബോർഡിനെ കരകയറ്റുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. ഒരു പുനരുദ്ധാരണ യജ്ഞത്തിനുവേണ്ടിയുള്ള ഗവൺമെന്റ് നടപടികളിൽ പ്രതിപക്ഷത്തിന്റെ കൂടെ സഹകരണമുണ്ടാകണം.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കമ്പ്യൂട്ടറും അത്യാധുനിക ഉപകരണങ്ങളും കൊണ്ട് കൈകാര്യം ചെയ്യാൻ കഴിയാത്ത മാനുഷിക പ്രശ്നങ്ങളാണ് റവന്യൂ വകുപ്പ് കൈകാര്യം ചെയ്യേണ്ടത്. ഈ രംഗത്ത് റവന്യൂ ഡിപ്പാർട്ടുമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് ഭവന നിർമ്മാണ രംഗത്ത് വമ്പിച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. സമ്പൂർണ്ണ പാർപ്പിട പദ്ധതി ത്രിതല പഞ്ചായത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കി. പ്രകൃതിക്ഷോഭംമൂലം കഷ്ടനഷ്ടം അനുഭവിക്കുന്ന കയർ, കൈത്തറി, മത്സ്യബന്ധന തൊഴിലാളികൾക്ക് ഒരു സഹായവും ഈ ഗവൺമെന്റ് ചെയ്തിട്ടില്ല.

ശ്രീമതി മേഴ്സി രവി: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ജില്ലാ-താലൂക്ക് തലങ്ങളിൽ നടപ്പാക്കിയ കമ്പ്യൂട്ടറൈസേഷൻ വില്ലേജ് തലങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കണം. സോഫ്ട് വെയർ ഡവലപ്മെന്റിന് കൂടുതൽ ഊന്നൽ നൽകണം. ജീവനക്കാർക്ക് ഇന്റൻസീവ് ട്രെയ്നിംഗും സ്കിൽ അപ്ഗ്രഡേഷനും നൽകണം. അറിയാനുള്ള അവകാശം ഒരു പൗരന്റെ മൗലിക അവകാശമാണ്. സുതാര്യത ജനാധിപത്യത്തിന്റെ ഒരു പ്രധാന ഘടകമാണ്. അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് വിജയപ്രദമാകണമെങ്കിൽ അതിന് സപ്പോർട്ടിംഗ് ആയിട്ടുള്ള ജൂഡിഷ്യൽ നിയമം കൂടി ഉണ്ടാകേണ്ടതുണ്ട്. ഫയലുകളുടെ എണ്ണം കുറയ്ക്കാൻ പ്രൊസീഡ്യുവർ സിംപ്ളിഫൈ ചെയ്യണം; ഉദ്യോഗസ്ഥൻമാരുടെ ആറ്റിറ്റ്യൂഡ് മാറ്റിയെടുക്കണം; നിയമങ്ങൾ സമൂലം ഉടച്ചുവാർക്കണം. കമ്പ്യൂട്ടറൈസേഷൻ മുഖേന കാലതാമസം ഒഴിവാക്കി കാര്യങ്ങൾ സുതാര്യമാക്കാം; അഴിമതി ഒരു പരിധിവരെ തടയാം.

ശ്രീ. പി. സി. ജോർജ്:: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 1993 മുതൽ 1996 വരെയും 2001 മുതലുള്ള ഒരു വർഷക്കാലത്തും മൂന്നാർ മേഖലയിൽ വ്യാജപ്പട്ടയങ്ങൾ വഴി കൊടുത്തിട്ടുള്ള ഭൂമി പിടിച്ചെടുത്ത് ലേലം ചെയ്താൽ എ.ഡി.ബി. ലോൺ എടുക്കാതെതന്നെ

ഗവൺമെന്റിന് അയ്യായിരമോ ആറായിരമോ കോടി രൂപ ഉണ്ടാക്കാൻ കഴിയും. അന്നു കൊടുത്ത പല പട്ടയങ്ങളിലേയും സീൽ കേരളാ ഗവൺമെന്റിന്റേതല്ല. ആ കാലഘട്ടത്തിൽ വിതരണം ചെയ്ത വ്യാജ പട്ടയങ്ങളിൽ അധികവും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ പിടിച്ചെടുത്തിട്ടുണ്ട്. വ്യാജ പട്ടയം നൽകിയതിന്റെ പേരിൽ ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റിയതുകൊണ്ട് മാത്രമായില്ല. മൂന്നാർ മേഖലയിൽ വ്യാപകമായി വിതരണം ചെയ്തിട്ടുള്ള വ്യാജ പട്ടയങ്ങളെക്കുറിച്ച് ഒരു ജുഡിഷ്യൽ അന്വേഷണം നടത്തണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ ക്ഷേമപദ്ധതികളെല്ലാം ഈ ഗവൺമെന്റ് തകിടം മറിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭവന നിർമ്മാണ പദ്ധതി യിലുൾപ്പെടുത്തിയിരുന്നതും പൂർത്തീകരിക്കാൻ കഴിയാതിരുന്നതുമായ ഭവനങ്ങളുടെ പണി പൂർത്തീകരിക്കുന്നതിനാവശ്യമായ തുക ഈ ഗവൺമെന്റ് ഇതുവരെ നൽകിയിട്ടില്ലാത്തതിനാൽ കൊല്ലം ജില്ലയിൽ പലയാളുകളും താമസിക്കാനിടമില്ലാതെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് നാൽപ്പതും അമ്പതും ലക്ഷം രൂപ അനുവദിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 15 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്; അനുവ ദിച്ച തുക പോലും അർഹതപ്പെട്ടവർക്ക് വിതരണം ചെയ്തിട്ടില്ല. വെള്ളപ്പൊക്കദുരിതാശ്വാസ മായി ലഭിക്കേണ്ട കേന്ദ്രവിഹിതവും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. മതികെട്ടാനിലെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. മാമ്മൻ മത്തായി:</u> ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. മൂന്നാർ മേഖലയിൽ വ്യാജ പട്ടയം ലഭിച്ചിട്ടുള്ളവരുടെ പേരുവിവരം പരിശോധിച്ചാൽ ധാരാളം പേർ ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ഘടക കക്ഷികളുമായി, പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികളുമായി ബന്ധമുള്ളവരാണെന്നു കാണാം. കയ്യേറിയ ഭൂമി ഒഴിപ്പിച്ചെടുക്കണമെന്ന് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് തീരുമാനിച്ചതുകൊണ്ടാണ് വ്യാജ പട്ടയം നൽകിയ ഉദ്യോഗസ്ഥ ന്മാരെയെല്ലാം സ്ഥലം മാറ്റിയത്. ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങളാകെ കുത്തഴിഞ്ഞു കിടക്കുകയാണ്. ഭവനനിർമ്മാണ ബോർഡിനെ കരകയറ്റാനാവാതെ ഉദ്യോഗസ്ഥന്മാർ വളരെ ബുദ്ധിമുട്ടുകയാണ്.

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഹൗസിംഗ് ബോർഡ് ഹഡ്കോയിൽ നിന്നു വായ്പയെടുത്ത 712 കോടി രൂപയിൽ 275 കോടി രൂപ വകമാറി ചെലവഴിച്ചതുവഴി ഗുണഭോക്താക്കൾക്ക് വളരെയധികം ബുദ്ധിമുട്ടുകളുണ്ടായിരിക്കുകയാണ്. അതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് ഈ നിയമസഭയിൽ നിന്നു ഒരു ജോയിന്റ് ഇൻസ്പെക്ഷൻ ടീമിനെ നിയമിക്കണം. സംസ്ഥാനത്തു നടക്കുന്ന ഓരോ കൺസ്ട്രക്ഷൻ വർക്കിന്റെയും ചെലവിന്റെ 55% മറ്റ് സ്റ്റേറ്റുകളിലേക്ക് പോകുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുമെന്നത് ഗൗരവമായി കാണണം. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് സമഗ്രമായ

പദ്ധതികൾ ആവിഷ്ക്കരിക്കണം. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് ന്യായമായ വിഹിതം കേന്ദ്ര ഗവൺമെന്റിൽനിന്നും വാങ്ങിയെടുക്കുന്നതോടൊപ്പം പ്രകൃതിക്ഷോഭ നിവാരണത്തിനുള്ള പദ്ധതികളും കാര്യക്ഷമമായി നടപ്പാക്കണം. മഹാദുരന്തങ്ങൾ നൽകുന്ന മുന്നറിയിപ്പുകൾ ഒരിക്കലും അവഗണിക്കരുത്. വനങ്ങളും പുഴകളും കുളങ്ങളും സംരക്ഷിക്കപ്പെടണം. ഭൂമിയെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും ഏകോപിപ്പിച്ച് സമഗ്രമായൊരു ഭൂനിയമം കൊണ്ടുവന്നു് റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം.

ശ്രീ. കെ.കെ.നായർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പിരിച്ചെടുക്കുന്ന നികുതിപ്പണം ശമ്പളച്ചെലവുകൾക്കായി മാത്രം വിനിയോഗിക്കുന്ന പ്രവണത അവസാനിപ്പിക്കണം. വികസനപ്രവർത്തനങ്ങൾക്കായി പ്രത്യേകം പണം കണ്ടെത്തണം. വരുമാനത്തിന്റെ 40 ശതമാനത്തിൽ താഴെ മാത്രമേ ഭരണച്ചെലവ് ഉണ്ടാകാൻ പാടുള്ളൂ. സമരം ചെയ്തു കൂടുതൽ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്ന സർവ്വീസ് സംഘടനകൾ സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനെക്കുറിച്ചുകൂടി ചിന്തിക്കണം. അനിയന്ത്രിതമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് അവസാനിപ്പിക്കണം. അഞ്ചു ലക്ഷത്തോളം വരുന്ന സർക്കാർ-അർദ്ധ സർക്കാർ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് മാത്രം മുൻതൂക്കം നൽകുകയും 295 ലക്ഷത്തോളം വരുന്ന ഇതര വിഭാഗം ജനങ്ങളെ പാടെ അവഗണിക്കുകയും ചെയ്യുന്ന സമീപനമാണ് കാലാകാലമായി ഭരണാധികാരികൾ അനുവർത്തിച്ചു വരുന്നത്. സർക്കാർ ജീവനക്കാരുടെ വേതനഘടന ശാസ്ത്രീയമായി സ്ലാബടിസ്ഥാനത്തിൽ പരിഷ്ക്കരിക്കണം. ബേസിക് പേയുടെ 50% വരെ ഡി.എ അനുവദിക്കുകയും പരമാവധി ശമ്പളം 15000 രൂപയായി നിജപ്പെടുത്തുകയും വേണം. ഗവൺമെന്റ് ആശുപത്രികളിൽ എ.ബി.സി. ഗ്രേഡുകൾ നിശ്ചയിച്ച് രോഗികൾക്ക് പേ വാർഡുകൾ ലഭ്യമാക്കണം. കയർ, കൈത്തറി, കശുവണ്ടി മേഖലകൾ സബ്സിഡിയും റിബേറ്റും മാത്രം അനുവദിച്ച് നിലനിർത്താതെ അവയുടെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കണം. കൃഷി ഭവനുകൾ മുഖേന കർഷകത്തൊഴിലാളി സേനകൾ രൂപീകരിച്ച് അവർക്ക് പ്രതിമാസ വേതനം നൽകിയും നിശ്ചിത കൂലി വ്യവസ്ഥയുണ്ടാക്കിയും കാർഷികമേഖലയിലെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. ഭരണ-പ്രതിപക്ഷ നേതാക്കൻമാർ ഒരുമിച്ചിരുന്നു ചർച്ച നടത്തി പൊതു പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

ശ്രീ. പി.ജയരാജൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ ഒരു വർഷക്കാലത്തെ ഭരണം വളരെ നിരാശാജനകമാണ്. യു.ഡി.എഫിന്റെ തെരഞ്ഞെടുപ്പു പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ടുള്ള ഒരു ഭരണമാണ് ഇപ്പോൾ നടക്കുന്നത്. മൂന്നാറിലെ വ്യാജപട്ടയ വിതരണവുമായി ബന്ധപ്പെടുത്തി മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിക്ക് എതിരെ ഭരണപക്ഷത്തുനിന്ന് ഉന്നയിച്ച ആരോപണങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം

നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാകണം. ഭൂനികുതിയും ലീസ്റെന്റും പിരിച്ചെടുക്കുന്നതിൽ ഈ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന് റവന്യൂ ബോർഡ് നിർത്തലാക്കുന്നത് ഉൾപ്പെടെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കൈക്കൊണ്ട നടപടികളെല്ലാം ഇപ്പോൾ മുരടിച്ചുകിടക്കുകയാണ്. ആദിവാസികൾ ഉൾപ്പെടെയുളളവർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്ന കാര്യത്തിലും ഗവൺമെന്റിന്റെ പ്രഖ്യാപനം പ്രാവർത്തികമായില്ല. ആദിവാസി സമരത്തിന് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ പിന്തുണയുണ്ടെന്നുള്ള ആക്ഷേപം വസ്തുതയ്ക്ക് നിരക്കുന്നതല്ല. പ്രകൃതിക്ഷോഭ ദുരിതാശ്വാസം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നേടിയെടുക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഭവനനിർമ്മാണ രംഗത്ത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അസൂയാവഹമായ നേട്ടമാണ് കൈവരിച്ചത്. സമ്പൂർണ്ണ പാർപ്പിട പദ്ധതിയനുസരിച്ച് ഗുണഭോക്തൃ വിഹിതം അടച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അത് തിരിച്ചുകൊടുക്കുന്നതിനുപോലും ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. കാർഷിക കടാശ്വാസ നിയമപ്രകാരം സംസ്ഥാനത്തെ കർഷകർക്ക് വിതരണം ചെയ്ത തുകയുടെ കണക്ക് വെളിപ്പെടുത്തുന്നതിന് സർക്കാർ തയ്യാറാകുന്നില്ല. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ ഒരു വർഷക്കാലത്തെ ഭരണം ജനങ്ങൾക്ക് ഏററവും വലിയ ബാദ്ധ്യതയായി മാറിയിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): റവന്യൂ വകുപ്പിന്റെ നവീകരണത്തിനുവേണ്ടി വളരെ ശക്തവും ഫലപ്രദവുമായ നടപടികൾ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ലാന്റ് റിക്കോർഡ്സ് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽ ടോട്ടൽ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ റവന്യൂ വകുപ്പിന്റെ ഓഫീസുകൾ ഈ വർഷംതന്നെ കമ്പ്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശിക്കുകയാണ്. ഇ-ഗവണൻസ് എല്ലാ വകുപ്പുകളിലും നടപ്പിലാക്കണമെന്നുള്ള തീരുമാനമെടുത്തിട്ടുണ്ട്. തിരുവനന്തപുരത്തെ റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സാമ്പത്തിക സ്ഥിതിക്കകത്തുനിന്നുകൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതാണ്. കാർഷിക കടാശ്വാസ നിയമപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട സമയപരിധിപോലും അവസാനിക്കാത്ത ഈ സമയത്ത് എത്ര ലക്ഷം രൂപ ഇതുപ്രകാരം വിതരണം ചെയ്തു എന്നുള്ള പ്രതിപക്ഷ ഭാഗത്തുനിന്നുള്ള ചോദ്യം അപ്രസക്തമാണ്.. കാർഷിക കടാശ്വാസ നിയമം പാസ്സായ ദിവസംവരെയുള്ള കുടിശ്ശിക എന്ന് നിയമത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഹൈക്കോടതി വിധിയുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് അത് എക്സ്പാൻഡ് ചെയ്യാം. മണൽ വാരൽ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി 14 ജില്ലകളിലും എക്സ്പെർട്ട് കമ്മിറ്റികളും കടവ് കമ്മിറ്റികളും രൂപീകരിക്കുന്നതിനാൽ മണൽവാരൽ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. മലയോരമേഖലയിൽ പട്ടയത്തിനുവേണ്ടി 68365 പേർ അപേക്ഷിച്ച

തിൽ എലിജിബിളായിട്ടുള്ളത് 32719 പേരാണ്. 29,670 പേർക്ക് പട്ടയം നൽകുന്നതിനുള്ള ഓർഡർ കൊടുത്തതിൽ 24,202 പേർക്ക് പട്ടയം കൊടുത്തു. ഇനി 8517 പേർക്ക് മാത്രമേ പട്ടയം കൊടുക്കാനുള്ളൂ. ഈ രംഗത്ത് യു.ഡി.എഫ്. ഗവൺമെന്റിന് വലിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മിച്ചഭൂമിയായി ഡിക്ലയർ ചെയ്തിട്ടുള്ളത് 141,207 ഏക്കറാണ്. അതിൽ 96,851 ഏക്കർ ടേക്കോവർ ചെയ്ത് 68,745 പേർക്ക് വിതരണം നടത്തി. ഇനി 10,102 ഏക്കർ മിച്ചഭൂമി കൂടിയുണ്ട്. അത് ഉടനെ വിതരണം ചെയ്യും. 44576 കേസുകളിൽ കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2000–2001–ൽ റവന്യൂ റിക്കവറി ഡ്യൂസ് പിരിച്ചെടുത്തത് 55 കോടി രൂപയായിരുന്നുവെങ്കിൽ ഇക്കഴിഞ്ഞ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഗവൺമെന്റിന് 52 കോടിരൂപ പിരിച്ചെടുക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. കഴിഞ്ഞ മേയ് മാസത്തിൽ 10 കോടി രൂപ പിരിഞ്ഞുകിട്ടി. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 123 സ്റ്റേ ഉണ്ടായിരുന്നുവെങ്കിൽ 2001 ഡിസംബറിൽ അത് 104 ആയി കുറയ്ക്കുകയും തവണ വ്യവസ്ഥയാക്കുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റ് മൈത്രീ ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി 712 കോടി രൂപ വാങ്ങിയെങ്കിലും 437 കോടി രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളൂ. 275 കോടി രൂപ വകമാറ്റി ചെലവഴിച്ചു. പഞ്ചായത്തുകൾക്ക് ആന്വിറ്റിയായിട്ട് ലഭിച്ച തുക വകമാറ്റി ചെലവഴിച്ചതിന്റെ ഫലമായി ഹഡ്കോയ്ക്കുള്ള തിരിച്ചടവ് മുടങ്ങുകയും അതുകാരണം ഹഡ്കോ വായ്പ തരുന്നത് നിറുത്തിവയ്ക്കുകയും ചെയ്തു. ഈ ഗവൺമെന്റ് വന്നതിനുശേഷം 63 കോടി രൂപ തിരിച്ചടച്ചു. റിക്കവറിയെ സംബന്ധിച്ചിടത്തോളം 91 കോടി രൂപ പിരിച്ചെടുത്തു. അത് എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്തേക്കാൾ 46 ശതമാനം വർദ്ധനവാണ്. 16,737 വീടുകൾ ഈ ഗവൺമെന്റിന്റെ കാലത്ത് പൂർത്തീകരിച്ചു. എൽ. ഐ. ജി, എം. ഐ. ജി. ഹൗസിംഗ് സ്കീമുകളുടെ അരിയേഴ്സിനും എല്ലാം കൂടി 55 കോടി രൂപ വേണം. അതിനുവേണ്ടി സീറോ കൂപ്പൺ ബോണ്ടിലൂടെ തുക സമാഹരിക്കാനും 40,000 വീടുകൾക്ക് സഹായം നൽകാനും ഉദ്ദേശിച്ച് ഈ ഗവൺമെന്റ് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഹഡ്കോയിൽ നിന്ന് വായ്പ വാങ്ങാവുന്ന പരമാവധി തുക 1000 കോടി രൂപയായിരുന്നുവെങ്കിൽ എൽ. ഡി. എഫ്.–ന്റെ കാലത്ത് 1062 കോടി രൂപ വാങ്ങിയതാണ് പിന്നീടുള്ള വായ്പ നിറുത്തലാക്കാൻ കാരണമായത്. പുതിയ പദ്ധതികളായ ആക്കുളം ടൗൺഷിപ്പും കൊച്ചി ഇക്കോ സിറ്റിയും 2002–ലെ ഗ്ലോബൽ മീറ്റിൽ സമർപ്പിക്കുമ്പോൾ കിട്ടുമെന്ന് ഉറപ്പുണ്ട്. അങ്ങനെയാണെങ്കിൽ രണ്ട് വലിയ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയും. മൈത്രീ ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കാൻ 60 കോടി രൂപ ഇപ്രാവശ്യത്തെ പ്ലാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ദേവികുളം താലൂക്കിൽ നടന്നിട്ടുള്ള വ്യാജപട്ടയങ്ങളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്. വ്യാജ പട്ടയക്കാർക്കെതിരെ ശക്തമായ നടപടിയെടുക്കും. മതികെട്ടാനിലെ സർക്കാർ വക ഭൂമി കയ്യേറിയതിനെക്കുറിച്ച് ആക്ഷേപമുയർന്നിട്ടുണ്ട്. മതികെട്ടാനിലെ മുഴുവൻ അനധികൃത കയ്യേറ്റക്കാരെയും ഒഴിപ്പിക്കും. എല്ലാ അനധികൃത കൈയേറ്റവും ഒഴിവാക്കും. മതികെട്ടാനിലെ കയ്യേറ്റങ്ങളിൽ 95 ശതമാനവും കഴിഞ്ഞ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തുണ്ടായതാണ്. മതികെട്ടാൻ എന്ന പേരുള്ള സ്ഥലം റിക്കോർഡിൽ ഇല്ല. ഇത് സി.എച്ച്.

ആർ–ൽപ്പെട്ട ഇടുക്കിയിലെ പൂപ്പാറ വില്ലേജിലെ തൊണ്ടിത്താവളം എന്ന പ്രദേശമാണ്. സി.എച്ച്.ആർ ഭൂമി വർഷങ്ങളായി ഏലക്കൃഷിക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന സ്ഥലമാണ്. ഭൂപതിവ് നിയമപ്രകാരം റവന്യു ഡിപ്പാർട്ടുമെന്റാണ് ഏലക്കൃഷിക്കുവേണ്ടി കൊടുക്കുന്നത്. എന്നാൽ 1966–ലെ വൃക്ഷ സംരക്ഷണ നിയമപ്രകാരം സി.എച്ച്. ആർ. മേഖലയിലെ വൃക്ഷങ്ങളുടെ ചുമതല വനം വകുപ്പിനും ഭൂമിയുടെ ചുമതല റവന്യൂ വകുപ്പിനുമാണ്. ഈ ഭൂമി പാട്ടത്തിന് നൽകുന്നതിനും പുതുക്കി നൽകുന്നതിനും കേന്ദ്രാനുമതി വാങ്ങണമെന്നുള്ള 30.6.97–ലെ ഹൈക്കോടതി ഉത്തരവ് ഉണ്ടായപ്പോൾ കൈയേറ്റക്കാരെ ഒഴിപ്പിക്കാൻ ഉദ്യോഗസ്ഥൻമാർ തയ്യാറായെങ്കിലും മുൻ ഗവൺമെന്റ് അതിന് സ്റ്റേ നൽകുകയാണ് ചെയ്തത്. അനധികൃതമായി ഇവർ കൺടിന്യൂ ചെയ്യുകയാണെങ്കിൽ മുഴുവൻ ആളുകളേയും ഒഴിപ്പിക്കുമെന്നുള്ള നിലവന്നപ്പോൾ സാമൂഹ്യ നഷ്ടമെന്ന് പറഞ്ഞ് റെന്റ് വാങ്ങാനും കോടതിയിൽനിന്ന് കഴിഞ്ഞ ഗവൺമെന്റ് അനുമതി സമ്പാദിച്ചുവെന്നുള്ള വസ്തുത പ്രതിപക്ഷം മനസ്സിലാക്കണം. മതികെട്ടാനെപ്പറ്റി ആക്ഷേപം വന്നപ്പോൾ ഇടുക്കി ജില്ലാ കളക്ടറേയും മറ്റ് ഉദ്യോഗസ്ഥൻമാരേയും സ്ഥലം മാറ്റി. അഡീഷണൽ ചീഫ് സെക്രട്ടറിയെക്കൊണ്ട് അന്വേഷണം നടത്തിക്കാനും അനധികൃത കയ്യേറ്റം ഒഴിവാക്കാനും ഗവൺമെന്റ് നടപടി സ്വീകരിച്ചു. മാത്രമല്ല ഈ വകുപ്പ് വനം വകുപ്പിന് സറണ്ടർ ചെയ്യുകയും ചെയ്തു. ശാന്തൻപാറയിൽ ഉണ്ടായിരുന്ന ഒറ്റയടിപ്പാത രണ്ടു ലക്ഷം രൂപ മുടക്കി പത്തടി വീതിയുള്ള റോഡാക്കി മാറ്റിയത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. മതികെട്ടാൻ പ്രശ്നം പഠിക്കാനായി നിയോഗിച്ച ചന്ദ്രശേഖരൻ നായർ കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റ് പഠിച്ചുകൊണ്ടിരിക്കുകയാണ്. വനം വകുപ്പായാലും റവന്യൂ വകുപ്പായാലും ഇക്കാര്യത്തിൽ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മതികെട്ടാൻ വനസമ്പത്തും പരിസ്ഥിതിയും സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ഭൂനികുതി എന്ന VI–ാം നമ്പർ ധനാഭ്യർത്ഥനയും ഭവന നിർമ്മാണം എന്ന XXI –ാം നമ്പർ ധനാഭ്യർത്ഥനയും 29–നെതിരെ 61 വോട്ടുകളോടെയും ജില്ലാ ഭരണവും പലവകയും എന്ന XI–ാം നമ്പർ ധനാഭ്യർത്ഥന 28–നെതിരെ 61 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI–ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 2.00 മണിക്ക് പിരിഞ്ഞു.